(c) Deducting the honorarium of Rs. 1935.50 due to him an amount of Rs. 9365 40 is outstanding against him. As directed by Govt. the Corporation is taking steps to recover the amount from him. Registered notice has already been issued to him.

പ്രൈമറി ഹെൽത്ത് സെൻററുകൾ ഇല്ലാത്ത പഞ്ചായത്തുകൾ

448. [562] ശ്രീ. ടി. കെ. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി ഹെൽത്ത് സെൻററുകൾ ഇല്ലാത്ത പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ടോ ;

(ബി) എങ്കിൽ എത്ര ; ഏതെല്ലാം പഞ്ചായത്തുകൾ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആകെയുള്ള 1001 പഞ്ചായത്തുകളിൽ 301 പഞ്ചായത്തുകളിൽ മാത്രമേ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുള്ളു. പ്രൈമറി ഹെൽത്തു സെൻററുകൾ ഇല്ലാത്ത പഞ്ചായത്തുകളുടെ വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

വിഴിഞ്ഞം പ്രൈമറി ഹെൽത്ത് സെൻറർ

449. [563] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വിഴിഞ്ഞം പ്രൈമറി ഹെൽത്ത് സെൻററിനെ താലൂക്കാശുപത്രിയുടെ എല്ലാവിധ സൗകര്യങ്ങളും ഉള്ള ഒരു ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

സാമ്പത്തിക ലഭ്യതയ്ക്കു വിധേയമായി പരിശോധിക്കുന്നതാണ്.

പുല്ലുവിള, പൂവ്വാർ എന്നീ പ്രൈമറി ഹെൽത്ത് സെൻററുകൾ

450. [564] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പുല്ലുവിള, പൂവ്വാർ എന്നീ ഹെൽത്ത് സെൻററുകളിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

പുല്ലുവിള, പൂവ്വാർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഇപ്പോൾ യഥാക്രമം പന്ത്രണ്ടും പതിനാറും കിടക്കകളുടെ സൗകര്യമുണ്ട്. കൂടാതെ കുടുംബക്ഷേമ പരിപാടിയുടെ ഭാഗമായി പുല്ലുവിള, പൂവ്വാർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അഡ്മിനിസ്ട്രേറീവ് ബ്ലോക്കും ഓപ്പറേഷൻ തിയേറ്ററും അടങ്ങിയ കോംപ്ലക്സിനോടുകൂടി 4 കിടക്കകൾ വീതം അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly